## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4508 | 18.05.2017 - ൽ മറുപടിയ്ക്ക് |
|---|---|

### റബർ കച്ചവടം നടത്താൻ കഴിയാത്ത സാഹചര്യം ഒഴിവാക്കാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ടി. വി. ഇബ്രാഹിം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത വ്യാപാരികളിൽ നിന്നോ കർഷകരിൽ നിന്നോ റബർ വാങ്ങി അന്യസംസ്ഥാനങ്ങളിലേക്ക് വിൽപ്പന നടത്തുന്നവർക്ക് എസ്.ആർ.ഒ 804/2008, വാണിജ്യ നികുതി കമ്മീഷണറുടെ 5/10/13 ലെ 17/2013 നമ്പർ സർക്കുലർ എന്നിവ മൂലം കച്ചവടം നടത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | 1 കേരളത്തിൽ രജിസ്റ്റർ ചെയ്ത വ്യാപാരികളിൽ നിന്ന് നാലു ശതമാനം നികുതി നൽകി അന്യസംസ്ഥാന ങ്ങളിലെ രജിസ്റ്റേർഡ് വ്യാപാരികൾക്ക് സി ഫോറം സ്വീകരിച്ച് രണ്ടു ശതമാനം നിരക്കിൽ അന്തർസംസ്ഥാന വിൽപ്പന നടത്തിയാൽ കൂടുതൽ നൽകിയ നികുതി സെക്ഷൻ 13 പ്രകാരം റീഫണ്ട് നൽകുന്ന വ്യവസ്ഥയാണ് വാറ്റ് നികുതി നിയമത്തിൽ ഉണ്ടായിരുന്നത്. എന്നാൽ റീഫണ്ട് നൽകുന്നതിന് കാലതാമസം വരുന്നത് തങ്ങളുടെ മൂലധനത്തിനെ ബാധിക്കുന്നുവെന്ന് വ്യാപാര സംഘടനകൾ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റബറിന്റെ അന്തർസംസ്ഥാന വിൽപ്പന നികുതി ഒഴിവാക്കി എസ്.ആർ.ഒ 804/2008 പുറപ്പെടുവിക്കുകയുണ്ടായി.<br>രജിസ്റ്റർ ചെയ്യാത്ത വ്യാപാരികൾക്കുള്ള അന്തർസംസ്ഥാന വിൽപ്പനയ്ക്ക് പൂർണ്ണ നികുതിയിളവ് നൽകുവാൻ കേന്ദ്രവിൽപ്പന നികുതി |

| | | | |
|---|---|---|---|
| | | | നിയമം സംസ്ഥാനങ്ങൾക്ക് അധികാരം നൽകുന്നില്ല എന്ന് കണ്ടതിനെ തുടർന്ന് എസ്.ആർ.ഒ 753/2011 പുറപ്പെടുവിച്ചു. എസ്.ആർ.ഒ 753/2011 ൽ താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമാക്കുകയുണ്ടായി.<br><br>1) രജിസ്റ്റേർഡ് വ്യാപാരികൾ ക്കുള്ള അന്തർസംസ്ഥാന വിൽപ്പനമാത്രം കേന്ദ്രവിൽപ്പന നികുതി ആക്റ്റിൽ 8(4) ൽ നിർദ്ദേശിക്കുന്ന തരത്തിലുള്ള സി ഫോറം നൽകിയാൽ നികുതി വിമുക്തമായിരിക്കും.<br>2) സെൻട്രിഫ്യൂഗൽ ലാറ്റക്സ് ഉൾപ്പെടെയുള്ള ലാറ്റക്സിന് എസ്.ആർ.ഒ ബാധകമായിരിക്കില്ല.<br><br>2) സർക്കുലർ നമ്പർ 17/2013 ൽ എസ്.ആർ.ഒ 753/2011 പ്രകാരം പുതുക്കിയിട്ടുള്ള എസ്.ആർ.ഒ 804/2008 പറഞ്ഞിട്ടുള്ള സുപ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്ന രീതിയിൽ വിശദീകരിക്കുകയുണ്ടായി.<br><br>1) എസ്.ആർ.ഒ 804/2008 പ്രകാരമുള്ള ആനുകൂല്യം സി ഫോറം നൽകുന്ന രജിസ്റ്റേർഡ് വ്യാപാരികൾക്ക് മാത്രമാണ് അനുവദിച്ചിട്ടുള്ളത്.<br>2) രജിസ്റ്റേർഡ് വ്യാപാരികൾ സി ഫോറം നൽകുകയാണെങ്കിൽ നികുതി നിരക്ക് 0% മാത്രമായിരിക്കും.<br>3) രജിസ്റ്റർ ചെയ്യാത്ത വ്യാപാരികൾക്കുള്ള അന്തർസംസ്ഥാന വിൽപ്പനയിലെ നികുതി നിരക്ക് കേന്ദ്രവിൽപ്പന നികുതി നിയമം സെക്ഷൻ 8(5) ൽ പറഞ്ഞിട്ടുള്ള പ്രകാരമാണ്.<br>4) രജിസ്റ്റർ ചെയ്യാത്ത വ്യാപാരികൾക്കുള്ള അന്തർസംസ്ഥാന നികുതി |

| | | | |
|---|---|---|---|
| | | | കണക്കാക്കുമ്പോൾ സംസ്ഥാനത്തിനകത്ത് നൽകിയ നികുതി തട്ടിക്കിഴിക്കേണ്ടതാണ്.<br>3) എസ്.ആർ.ഒ 804/2008 പുറപ്പെടുവിച്ചതിനു ശേഷവും അന്തർസംസ്ഥാന വിൽപ്പനയിൽ സി ഫോറം സ്വീകരിച്ച് രണ്ടു ശതമാനം നികുതി ഒടുക്കിയ റബർ വ്യാപാരികൾ പരാതി ഉന്നയിക്കുകയുണ്ടായി. ഇവ അന്വേഷണത്തിനായി വാണിജ്യനികുതി കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | 2008/2009 മുതൽ കേന്ദ്ര വിൽപ്പന നികുതി അടച്ച് ഫോറം 'സി' നൽകിയ ശേഷവും കോടിക്കണക്കിന് രൂപ വീണ്ടും അടയ്ക്കാൻ ഡിമാന്റ് നോട്ടീസ് നൽകിയത് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | (ബി) | കേന്ദ്ര വിൽപന നികുതി നിയമവും വിജ്ഞാപനങ്ങളും അനുസരിച്ച് റബ്ബറിന്റെ അന്തർസംസ്ഥാന വില്പനയ്ക്ക് നികുതി ഒഴിവ് നല്കിയിട്ടുണ്ടായിരുന്നുവെങ്കിലും ചില വ്യാപാരികൾ അന്തർസംസ്ഥാന വില്പനയ്ക്ക് സി-ഫോറം നല്കിക്കൊണ്ട് രണ്ട് ശതമാനം നികുതി ഒടുക്കുകയും മൂല്യവർദ്ധിത നികുതി നിയമപ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുകയും ചെയ്യുന്നത് തുടർന്നുകൊണ്ടിരുന്നു. ഇത്തരം വ്യാപാരികളുടെ കാര്യത്തിൽ രണ്ട് ശതമാനം കേന്ദ്ര വില്പന നികുതി കളക്ട് ചെയ്തത് നിയമാനുസൃതമല്ലെന്നുള്ള നിലപാട് നികുതി നിർണ്ണയാധികാരികൾ സ്വീകരിക്കുകയും പ്രസ്തുത തുക കണ്ടുകെട്ടുകയും ചെയ്തു. ഇത് സംബന്ധമായി വ്യാപാരികൾ ഉന്നയിച്ചിട്ടുള്ള പരാതികൾ വാണിജ്യനികുതി കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്. കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ